**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5431** **24-03-2025-ൽ മറുപടിയ്ക്ക്**

**<u>സെക്രട്ടേറിയറ്റിലെ അധിക തസ്തികകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. അബ്ദുൽ ഹമീദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സെക്രട്ടേറിയറ്റിൽ നിലവിൽ അനുവദിക്കപ്പെട്ടതിനേക്കാൾ അധികം തസ്തികയിൽ ഉദ്യോഗസ്ഥരുണ്ടെന്ന എ.ജി.യുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമം, പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളിൽ ഇത്തരത്തിൽ എത്ര അധിക തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റിപ്പോർട്ടിൽ പറയുന്ന ഹാജർ വിശദാംശങ്ങളിൽ ശൂന്യവേതന അവധിയിൽ പ്രവേശിച്ചവർ, മറ്റു ജോലി ലഭിച്ച് വിടുതൽ നേടിയവർ, അന്യത്രസേവനം ലഭിച്ച് വിടുതൽ നേടിയവർ, ഓൾ ഇൻഡ്യ സർവ്വീസ് എന്നിവയിലും മറ്റും ഉള്ള ഉദ്യോഗസ്ഥർ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാലാണ് തസ്തികകളുടെ എണ്ണത്തിൽ കാര്യമായ വ്യത്യാസം വന്നിട്ടുള്ളത് .

പൊതുഭരണ സെക്രട്ടേറിയറ്റിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ 68 പേരും, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ 39 പേരും സെക്ഷൻ ഓഫീസർ/ സെക്ഷൻ ഓഫീസർ (HG) തസ്തികയിൽ 41 പേരും അധികമുള്ളതായാണ് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. കൂടാതെ, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 544 അനുവദനീയ തസ്തികകൾക്ക് പകരം 01/08/2023-ലെ ഹാജർ വിശദാംശം പ്രകാരം 744 പേരുണ്ടെന്നും 200 പേർ അധികമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 22/10/2021-ലെ സ.ഉ.(കൈ)നം.190/2021/പൊ.ഭ.വ. പ്രകാരം പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത് 554 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിൽ 404 പേർ മാത്രമാണ് പൊതുഭരണ സെക്രട്ടേറിയറ്റിൽ ജോലി ചെയ്തുവരുന്നത്. പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലി ഭാരം ക്രമീകരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 2020-ലെ പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുള്ള ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടെ എണ്ണം 51 ആണ്. നിലവിലുള്ള കേഡർ സ്ട്രെങ്തിൽ അപ്രകാരം മാറ്റം വരുത്തേണ്ടതുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ പൊതുഭരണ സെക്രട്ടറിയേറ്റിൽ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളുടെ എണ്ണത്തിൽ കേഡർ തസ്തികയ്ക്ക് പുറമെ അന്യത്രസേവനം, ആൾ ഇന്ത്യ സർവ്വീസ് എന്നിവയിൽപ്പെട്ട ഉദ്യോഗസ്ഥർ കൂടി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. പ്രസ്തുത തസ്തികകളുടെ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

ധനകാര്യ സെക്രട്ടറിയേറ്റിൽ നിലവിൽ അനുവദിക്കപ്പെട്ടതിനേക്കാൾ അധികം തസ്തികയിൽ ഉദ്യോഗസ്ഥരുണ്ടെന്ന എ.ജി.യുടെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടില്ല. കൂടാതെ നിയമവകുപ്പിൽ അനുവദിച്ചിട്ടുള്ളതിനെക്കാൾ അധിക തസ്തികകൾ ഉണ്ടായിട്ടില്ല.

**(ബി)** സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള വിവിധ തസ്തികകളിൽ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണെന്നും നിലവിൽ എത്ര പേർ അധികമായി ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റിപ്പോർട്ടിൽ പറയുന്ന ഹാജർ വിശദാംശങ്ങളിൽ ശൂന്യവേതന അവധിയിൽ പ്രവേശിച്ചവർ, മറ്റു ജോലി ലഭിച്ച് വിടുതൽ നേടിയവർ, അന്യത്രസേവനം ലഭിച്ച് വിടുതൽ നേടിയവർ, ഓൾ ഇൻഡ്യ സർവ്വീസ് എന്നിവയിലും മറ്റും ഉള്ള ഉദ്യോഗസ്ഥർ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാലാണ് തസ്തികകളുടെ എണ്ണത്തിൽ കാര്യമായ വ്യത്യാസം വന്നിട്ടുള്ളത് .

പൊതുഭരണ സെക്രട്ടേറിയറ്റിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ 68 പേരും, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ 39 പേരും സെക്ഷൻ ഓഫീസർ/ സെക്ഷൻ ഓഫീസർ (HG) തസ്തികയിൽ 41 പേരും അധികമുള്ളതായാണ് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. കൂടാതെ, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 544 അനുവദനീയ തസ്തികകൾക്ക് പകരം 01/08/2023-ലെ ഹാജർ വിശദാംശം പ്രകാരം 744 പേരുണ്ടെന്നും 200 പേർ അധികമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 22/10/2021-ലെ സ.ഉ.(കൈ)നം.190/2021/പൊ.ഭ.വ. പ്രകാരം പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത് 554 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിൽ 404 പേർ മാത്രമാണ് പൊതുഭരണ സെക്രട്ടേറിയറ്റിൽ ജോലി ചെയ്തുവരുന്നത്. പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലി ഭാരം ക്രമീകരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 2020-ലെ പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുള്ള ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടെ എണ്ണം 51 ആണ്. നിലവിലുള്ള കേഡർ സ്ട്രെങ്തിൽ അപ്രകാരം മാറ്റം വരുത്തേണ്ടതുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ പൊതുഭരണ സെക്രട്ടറിയേറ്റിൽ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളുടെ എണ്ണത്തിൽ കേഡർ തസ്തികയ്ക്ക് പുറമെ അന്യത്രസേവനം, ആൾ ഇന്ത്യ സർവ്വീസ് എന്നിവയിൽപ്പെട്ട ഉദ്യോഗസ്ഥർ കൂടി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. പ്രസ്തുത തസ്തികകളുടെ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

ധനകാര്യ സെക്രട്ടറിയേറ്റിൽ നിലവിൽ അനുവദിക്കപ്പെട്ടതിനേക്കാൾ അധികം തസ്തികയിൽ ഉദ്യോഗസ്ഥരുണ്ടെന്ന എ.ജി.യുടെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടില്ല. കൂടാതെ നിയമവകുപ്പിൽ അനുവദിച്ചിട്ടുള്ളതിനെക്കാൾ അധിക തസ്തികകൾ ഉണ്ടായിട്ടില്ല.

**(സി)** വിവിധ വകുപ്പുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ പോകുന്ന ഉദ്യോഗസ്ഥർക്ക് പകരം ജൂനിയറായ അടുത്ത ഉദ്യോഗസ്ഥന് പ്രമോഷൻ നൽകാറുണ്ടോ; അന്യത്ര സേവന വ്യവസ്ഥയിൽ പോയ ഉദ്യോഗസ്ഥൻ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രൊമോഷൻ ലഭിച്ച ജൂനിയർ ഉദ്യോഗസ്ഥനെ റിവേർട്ട് ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ റിവേർട്ട് ആവാതിരിക്കാനായി എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രമോഷൻ നൽകാറുണ്ട്. അന്യത്ര സേവനവ്യവസ്ഥയിൽ പോകുന്ന ഉദ്യോഗസ്ഥർ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ ബന്ധപ്പെട്ട തസ്തികയിൽ ഒഴിവ് ഇല്ല എങ്കിൽ മാത്രമേ പ്രൊമോഷൻ ലഭിച്ച ജൂനിയർ ഉദ്യോഗസ്ഥനെ റിവേർട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടാകുകയുള്ളൂ. ഇത്തരത്തിൽ റിവേർട്ട് ആകാതിരിക്കുന്നതിനായി നാളിതുവരെ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

**(ഡി)** സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ പുനർ വിന്യാസം സംബന്ധിച്ച് പഠനം നടത്തിയ സെന്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; കമ്മീഷന്റെ ചെലവുകൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ സഹിതം ലഭ്യമാക്കാമോ?

**മറുപടി:** സെന്തിൽ കമ്മിറ്റിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരുന്നു. സമിതി ചെയർമാനായ ശ്രീ. സെന്തിൽ വി.എസ്. ഐ.എ.എസ്(റിട്ടയേർഡ്), സമിതി അംഗമായ ശ്രീ.എൻ.കെ. ശ്രീകുമാർ എന്നിവർ ഹോണറേറിയം വാങ്ങിയിട്ടില്ല. സമിതിയംഗമായ ശ്രീ. കെ. രാജാറാം തമ്പിയ്ക്ക് ഹോണറേറിയമായി 1,93,773/- രൂപയും ക്ലറിക്കൽ ജോലികൾ ചെയ്യുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് 45,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**